CALLING ATTENTION UNDER RULE 61

Inconvenience caused to the public due to the delay in opening the bridges already constructed under the Third Five Year Plan.

Mr. Speaker: I have received a notice under Rule 61 from Shri M. Kuhikannan Nambiar. I call upon the hon. Member to make a statement.

ശ്രീ. എം. കുഞ്ഞിക്കണ്ണൻനമ്പ്യാർ: സർ, പഞ്ചവത്സരപദ്ധതിക്കാലത്തു് പല പുതിയ പദ്ധതികൾക്കും രൂപം നൽകാൻ നമ്മുടെ ഗവണ്മെൻറിനു് സാധിച്ചിട്ടുണ്ടെന്നുള്ളതു് വളരെ ആശാവഹമാണു്. പക്ഷെ ഈ പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ രാജ്യത്തിൻറെ പുരോഗതിക്കു് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണു് ഗതാഗത സൗകര്യം ഏർപ്പെടുത്തുകയെന്നുള്ളതു്. അങ്ങനെ ഗതാഗതസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി പുതിയ പുതിയ പാലങ്ങൾ പണികഴിപ്പിച്ചുകൊണ്ടിരിക്കുകയാണു്. അതുപോലെതന്നെ നമ്മുടെ രാജ്യത്തു് ടൂറിസ്റ്റു് വികസനത്തിനുവേണ്ടി പല കെട്ടിടങ്ങളും പല ഭാഗങ്ങളിലായി പണി കഴിപ്പിച്ചിട്ടുണ്ടു്. കോട്ടയത്തു് റെസ്റ്റു് ഹൗസിനുവേണ്ടി ഒരു കെട്ടിടം പണി തീർത്തിട്ടു് ഏകദേശം ഒരു കൊല്ലത്തിൽ കൂടുതലായി. എന്നാൽ ഇന്നുവരെയായിട്ടും ആ കെട്ടിടം എന്താവശ്യത്തിനുവേണ്ടി പണികഴിപ്പിച്ചോ, അതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനു് വിട്ടുകൊടുക്കാൻ പൊതുമരാമത്തു് ഡിപ്പാർട്ടുമെൻറിനു് സാധിച്ചിട്ടില്ലെന്നുള്ളതു് വളരെയധികം ഖേദകരമാണു്. ഇതേപോലെ തലശ്ശേരിയിലും ഒരു പുതിയ കെട്ടിടം റെസ്റ്റു് ഹൌസിനോടനുബന്ധിച്ചു് പണികഴിപ്പിക്കുകയുണ്ടായി. അതും ഇതുവരെയും ഉപയോഗത്തിനുവേണ്ടി വിട്ടുകൊടുത്തിട്ടില്ല. അതിനുള്ള കാരണം അതിൽ സാനിട്ടറി ഫിറ്റിംഗ്സു് നടത്താത്തതുകൊണ്ടാണെന്നറിയുന്നു.

പാലങ്ങളുടെ കാര്യം നോക്കുകയാണെങ്കിൽ പല പാലങ്ങളും നിർമ്മിച്ചുകഴിഞ്ഞാലും അതിനോടുള്ള സമീപനറോഡു് പൂർത്തിയാക്കാത്തതുകൊണ്ടു് ആ പാലം ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കാൻ സാധിക്കുന്നില്ല. പാലങ്ങളുടെ പണി പൂർത്തിയാക്കിയിട്ടു് കുറെക്കാലം കഴിഞ്ഞതിനുശേഷം മാത്രമേ സമീപന റോഡിലുള്ള പണി ആരംഭിക്കുകയുള്ളൂ. ഇവിടെയുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ വടക്കൻ പ്രദേശങ്ങളിലേയ്ക്കു കാറുകളിൽ സഞ്ചരിക്കുമ്പോൾ, നാഷണൽ ഹൈവേയിലുള്ള പാലങ്ങളുടെ പണി പൂർത്തിയായിട്ടും സമീപന റോഡുകളുടെ പണി പൂർത്തിയാകാതെ കിടക്കുന്നതായിട്ടു് കാണാൻ സാധിക്കും. എൻറെ സ്നേഹിതൻ ശ്രീ. പി. ഗോപാലൻറെ നിയോജകമണ്ഡലത്തിൽ രാമപുരം എന്ന സ്ഥലത്തു് ഒരു പാലം പണിയുകയും അതിനുവേണ്ട സമീപന റോഡിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയുമാണു്. പക്ഷെ ചില പാലങ്ങളും പൂർത്തിയായി കഴിഞ്ഞിട്ടു് മാസങ്ങളും പലതു കഴിഞ്ഞാലും പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി തുറന്നു കൊടുക്കാത്തതിൻറെ കാരണം മനസ്സിലാകുന്നില്ല. ജനങ്ങളും വളരെക്കാലമായി ആശിച്ചുകൊണ്ടിരുന്നതും സ്വപ്നം കണ്ടിരുന്നതുമായ പാലങ്ങളുടെ പണിയായിരിക്കും ഒരുപക്ഷെ ഗവണ്മെൻറിൽനിന്നും പുതുതായി ആരംഭിക്കുന്നതു്. അങ്ങനെ പാലത്തിൻറെ പണി ആരംഭിക്കുന്നതോടുകൂടി ജനങ്ങളുടെ ആശയും വർദ്ധിക്കും. ഇങ്ങനെയിരിക്കേ പാലത്തിൻറെ പണി പൂർത്തിയായാലും അതു് പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി തുറന്നു കൊടുക്കാതിരിക്കുന്നതു് ഒരു പക്ഷെ ജനങ്ങളുടെ ക്ഷമയെ ഗവണ്മെൻറു പരീക്ഷിച്ചുനോക്കുന്നതായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്.

കാസർകോട്ടു താലൂക്കിൽ ബേടക്കം എന്ന പേരിൽ ഒരു പഞ്ചായത്തുണ്ടു്. ആ പ്രദേശം മറ്റു പ്രദേശങ്ങളുമായി കൊല്ലത്തിൽ ഒൻപതു് മാസവും അറു

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ആ പ്രദേശം മറ്റു രോഗങ്ങളുമായി ബന്ധിപ്പിക്കാനുള്ള ഒരു പാലത്തിന്റെ പ്രവൃത്തനം പൂർത്തിയായിട്ടു് എട്ടു മാസത്തോളം ആയി. അതിന്റെ സമീപനറോഡിന്റെ പണിയും പൂർത്തിയാക്കിയിരിക്കുകയാണു്. പക്ഷെ ആ പാലം പൊതുജനങ്ങളുടെ ആവശ്യത്തിനു വേണ്ടി തുറന്നു കൊടുക്കാൻ ഇതുവരെയും ഗവണ്മെന്റു് തയാറായില്ല. അതുകൊണ്ടു് പാലങ്ങളും പണിയുന്നതോടൊപ്പംതന്നെ സമീപനറോഡിന്റെ പണിയും നടത്തികൊണ്ടു കാലതാമസം ഒഴിവാക്കണമെന്നും പൊതുവിലും പ്രത്യേകിച്ചും കരിച്ചേരിപ്പുഴക്കു പണിതുതീർന്നിട്ടുള്ള പാലം ഉടൻ പൊതുജനാവശ്യത്തിനു വിട്ടുകൊടുക്കണമെന്നുമാണു് റൂൾ 61 അനുസരിച്ചുള്ള എന്റെ പ്രസ്താവനകൊണ്ടു ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. പി. ഉമ്മർകോയ : സർ, നമ്മുടെ സംസ്ഥാനത്തു് ചില രോഗങ്ങളിൽ പൊതുമരാമത്തു പ്രവൃത്തനങ്ങളിൽ വളരെ കാലതാമസം വരുന്നുവെന്നുള്ള ഒരു പ്രശ്നമാണു് ബഹുമാനപ്പെട്ട മെംമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളതു്. ചില പൊതുമരാമത്തു പ്രവൃത്തനങ്ങളിൽ കുറെയെല്ലാം കാലതാമസം വരുന്നുഎന്നുള്ളതു് ഒരു പരമാർത്ഥമാണു്. പാലങ്ങളുടെ പണികളും പൂർത്തിയാക്കിയതിനുശേഷം അപ്രോച്ചു് റോഡിന്റെ പണി പൂർത്തിയാക്കാത്തതുകൊണ്ടു് പാലങ്ങളും പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി തുറന്നു കൊടുക്കാൻ സാധിക്കുന്നില്ല. ഒരു പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനു് പ്രത്യേകമായി സ്ഥലം acquire ചെയ്യേണ്ട ആവശ്യം വരുന്നില്ല. എന്നാൽ അതിനോടു് അനുബന്ധിച്ചു് അപ്രോച്ചു് റോഡിന്റെ ആവശ്യത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യണം. ഇങ്ങനെ റോഡിനാവശ്യമായ സ്ഥലം അക്വയർ ചെയ്തെടുക്കുന്നതിനാണു് പലപ്പോഴും കാലതാമസം വരുന്നതു്. അതിന്റെ ഫലമായി അപ്രോച്ചു് റോഡിന്റെ പണി പൂർത്തിയാക്കാനും കാലതാമസം ഉണ്ടാകുന്നു. അതിൽ ഒഴിവാക്കാവുന്ന കാലതാമസം ഉണ്ടെങ്കിൽ അതു് തീർച്ചയായും ഒഴിവാക്കാനുള്ള നടപടികളും ഗവണ്മെൻറിൽനിന്നും എടുക്കുന്നതാണു്. അക്കാര്യത്തിൽ ഗവണ്മെന്റു പ്രത്യേകമായി ശ്രദ്ധിക്കുന്നതുമാണു്.

അതുപോലെതന്നെ തലശ്ശേരിയിലും കോട്ടയത്തും പണി കഴിപ്പിച്ചിട്ടുള്ള റസ്റ്റു ഹൗസുകളും ഉടനെതന്നെ ഉപയോഗത്തിനുവേണ്ടി തുറന്നു കൊടുക്കാനുള്ള നടപടികളെടുക്കുന്നതാണു്. ആ കെട്ടിടങ്ങളുടെ പണികളും പൂർത്തിയായിട്ടുണ്ടെങ്കിലും അതിലെ സർവ്വീസു് ഇൻസ്റ്റലേഷൻസു്, പൂർത്തിയാകാത്തതുകൊണ്ടാണു് അതു് തുറന്നു കൊടുക്കാൻ സാധിക്കാത്തതു്. ഈ രണ്ടു കെട്ടിടങ്ങളും തുറന്നു കൊടുക്കുന്നതിനു ഇനിയും കാലതാമസം വരുത്തിയതിനു ഉത്തരവാദികളും ആരാണെന്നു അന്വേഷിക്കുന്നതും ഈ വിധത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടികളും എടുക്കുന്നതുമാണു്. കരിശ്ശേരി പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ടു്. അതുടനെ തുറക്കുന്നതാണു്. പണികളെല്ലാം പൂർത്തിയായ പാലങ്ങളും കഴിയുന്നതും വേഗം തുറന്നു കൊടുക്കാനും, പൂർത്തിയാകാത്തവ വളരെ വേഗത്തിൽ പൂർത്തിയാക്കാനും ആവശ്യമായ നടപടികളും ഗവണ്മെൻറിൽ നിന്നും എടുക്കുന്നതാണു്.

ശ്രീ. പി. നാരായണൻ തമ്പി : സർ, ഒരു പോയിന്റു് ആഫ് ആർഡർ, റൂൾ 61 അനുസരിച്ചു് ഏതെങ്കിലും അടിയന്തിര സ്വഭാവമുള്ളതും, പ്രത്യേകമായിട്ടു് പ്രധാന്യമുള്ളതും, ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഉടനടിപെടുത്തേണ്ടതുമായ ഏതെങ്കിലും കാര്യങ്ങളെപ്പറ്റിയാണു് ഇവിടെഉന്നയിക്കേണ്ടതു്. എന്നാൽ ശ്രീ. നമ്പ്യാർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കാര്യവും മറ്റു ജില്ലകളുടെ കാര്യവും, പൊതുമരാമത്തുവകുപ്പിനെപ്പറ്റിയും അതിന്റെ പ്രവർത്തനത്തെപ്പറ്റിയും ഗവണ്മെൻറിന്റെ നയത്തെപ്പറ്റിയും ഇങ്ങനെ വളരെയധികം കാര്യങ്ങളാണു് റൂൾ 61 അനുസരിച്ചു് ഉന്നയിച്ചിരിക്കുന്നതു്. അതിനു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു. അതുകൊണ്ടു് എനിക്കു് ചോദിക്കുവാനുള്ളതു് ഈ ഒരു പ്രവണത ഇനിയും ഇവിടെ ആവർത്തിക്കാമോ, ഇങ്ങനെയുള്ള കാര്യങ്ങൾ റൂൾ 61 അനുസരിച്ചു് കൊണ്ടുവരാമോയെന്നറിഞ്ഞാൽ കൊള്ളാമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റൂം 61 അനുസരിച്ച് ശ്രീ. തമ്പി പറഞ്ഞ വാദം ശരിയാണ്. സാധാരണയായി അടിയന്തിര സ്വഭാവമുള്ളതും പെട്ടെന്നുണ്ടായിട്ടുള്ളതുമായ കാര്യങ്ങളാ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് റൂം 61 അനുസരിച്ച് ആവശ്യപ്പെടുന്നത്. എന്നാൽ ശ്രീ. നമ്പ്യാർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് നേരിട്ടിരിക്കുന്ന വ്യഗ്രതയെ സംബന്ധിച്ച് സംസാരിച്ചതുകൊണ്ട് ഇതിനു അനുകൂലിച്ചതാണ്. ഇനി മേലാൽ ഇങ്ങനെയുള്ളത് അനുവദനീയവുമല്ല.

ശ്രീ. എം. കുഞ്ഞിക്കണ്ണൻ നമ്പ്യാർ : എന്റെ പ്രസംഗം ശരിയായി കേട്ടിരുന്നുവെങ്കിൽ ഒരു പക്ഷേ ഈ പോയിന്റ് ആഫ് ആർഡറിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്.

മി. സ്പീക്കർ : ഇതിൽ ചോദ്യത്തിനുള്ള അവകാശം ഇല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ചോദ്യം ചോദിക്കാനുള്ള അവകാശം ഉണ്ടോ ഇല്ലയോ എന്ന തീരുമാനിക്കേണ്ടത് ഞാനാണ്. അത് അനുവദനീയമാണോ അല്ലയോ എന്ന തീരുമാനിക്കേണ്ടത് അങ്ങ് ആണ്.

മി. സ്പീക്കർ : ഇത് ഇപ്പോൾ അനുവദനീയമല്ല.

Announcement by Speaker

Mr. Speaker: Order, Order. In respect of the Kerala Land Reforms Bill now under consideration, eight lists of amendments have been circulated. One list more will be circulated today. Altogether there are nearly twelve hundred amendments. The nature of the amendments to each clause and sub clause is such that in a good number of cases they are either similar to one another in wording or slightly varying though of the same content. Naturally, in such cases, it would only be proper that one or two among the several members, who have given similar amendments, speak on the amendments confining themselves to the scope of the amendments instead of speaking generally on the Bill as a whole. Further, if every member desires to speak on each of the amendment moved, it would not only be an incorrect practice, butit may not contribute to the seriousness of the debates, there being the likelihood of repetitions in the discussion.

So far as this Bill is concerned, we have had a general discussion for three days on the report of the Select Committee. The mind of the House has been generally indicated then. Clause by clause consideration commenced on Thursday last and, after three days' discussion we have not been able to cover even half of clause 2.

Members are aware that we have to complete all stages of this Bill before the 15th sitting, if necessary, during some after noons also. At this rate, I am afraid that unless some restraint is exercised by members we may have to sit up for longer hours in the afternoons. I hope the House would agree with me that we can proceed with the Bill much more quickly if only repetitions are avoided and members who move the amendments alone are to speak and that too briefly.

The members had had sufficient time to study the Bill and give amendments as can be seen from the amendments tabled. It is desirable that we stop somewhere. However, amendments could be received till 3 p. m. on Saturday, the 9th November and not afterwards, except in rare and exceptional cases.

Shri M. Narayana Kurup : Sir, the Speaker has said that only those who move amendments should speak. As a matter of fact, sometimes other members may also have to speak. Therefore, I would request you not to make it a rigidrule. Hon. Members who wish to speak on important subject or clause must be allowed to speak.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: I hope the House is aware of what I have said now. I don't wish to go against the expressed provisions of the Rules.

ശ്രീ. ഈ. പി. ഗോപാലൻ : വിഷയത്തിൽനിന്നു വിട്ടുപോകരുതെന്നുള്ള നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ടു് ഞാൻ പറയുകയാണു്. പ്രത്യേകിച്ചും ഇതുപോലുള്ള ഒരു ബില്ലിന്റെ കാര്യത്തിൽ ഒരു വിഷയത്തെ സംബന്ധിച്ചു് അമെൻറുമെൻറു് മൂവു് ചെയ്യു സംസാരിക്കുന്ന അവസരത്തിൽ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട മറ്റു സംഗതികളെ സ്പർശിക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയല്ല. ഉദാഹരണത്തിനു് gross produce നോക്കുക. ഈ കാര്യം നിർണ്ണയിക്കുന്നതിനു് ചാർറ്റു്, പ്രതിഫലം, ഈ മാതിരിയുള്ള കാര്യങ്ങളെ സ്പർശിക്കേണ്ടതായിട്ടുണ്ടു്. സ്വാഭാവികമായി ഈ മാതിരിയുള്ള കാര്യങ്ങളൊക്കെ സ്പർശിക്കേണ്ടിവരും.

മി. സ്പീക്കർ : Repetition കഴിയുന്നത്ര ഒഴിവാക്കണം. കാര്യങ്ങൾ ചുരുക്കിപ്പറയുന്നതിനു് ശ്രദ്ധിക്കണമെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. സി. അച്യുതമേനോൻ : സർ, ഈ ഉച്ചതിരിഞ്ഞിരിക്കുന്നതു് സാദ്ധ്യമല്ലെന്നുള്ള കാര്യം ഞാൻ നേരത്തേ കമ്മിറ്റിയിൽ പറഞ്ഞതാണു്. അങ്ങനെ വേണമെങ്കിൽ ഞങ്ങളെക്കൊണ്ടാതെ നടത്തിക്കൊള്ളണം. എത്ര ദിവസം വേണമെങ്കിലും അസംബ്ലി നീട്ടിക്കൊള്ളണം. പക്ഷേ ഞങ്ങൾക്കു് ഉച്ചതിരിഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : മര്യാദക്കാരായ പി. എസു്. പി. ക്കാർക്കു് ഉച്ചതിരിഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല

ശ്രീ. പൊന്നറ ജി. ശ്രീധർ ; സർ, ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഉച്ചതിരിഞ്ഞു് അഞ്ചുമണിക്കുശേഷം നേരം വെളുക്കുന്നതുവരെ വേണമെങ്കിലും ഇരിക്കാം. പക്ഷേ ഉച്ചസമയത്തിരിക്കുവാൻ പ്രയാസമാണു്. കാരണം എന്താണെന്നുവച്ചാൽ ഉച്ചക്കു് ഊണുകഴിഞ്ഞു് സാധാരണ ഒന്നു ഉറങ്ങുന്നതിവുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഇന്നു പോകുന്ന രീതിയിൽ പോകുകയാണെങ്കിൽ തിങ്കളാഴ്ചമുതൽ ഉച്ചതിരിഞ്ഞു് ഇരിക്കേണ്ടിവരും. ഈ സഭ ആരംഭിച്ചപ്പോൾതന്നെ ഞാൻ ഈ വിവരം അറിയിച്ചിട്ടുള്ളതാണു്. ഉച്ചതിരിഞ്ഞു് എത്ര മണിവരെ ഇരിക്കണമെന്നുള്ളതിനെപ്പറ്റി ഞങ്ങളുടെ ഭാഗത്തുനിന്നു് ഒരു നിർബന്ധവുമില്ല. ഇവിടെ ശ്രീ. പൊന്നറ ശ്രീധർ പറയുന്നതുകേട്ടു, അഞ്ചു മണിക്കുശേഷം എത്ര മണിവരെ വേണമെങ്കിലും ഇരിക്കാമെന്നു്. എത്ര മണിവരെ ഇരിക്കണമെന്നുള്ളതു് സഭയാണു് തീരുമാനിക്കേണ്ടതു്. പ്രധാന പ്രതിപക്ഷം ഇതിനെ എതിർക്കുന്നതു് എങ്ങനെയാണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. അവർ മുൻപു് കാർഷിക ബന്ധനിയമത്തെപ്പറ്റി ചർച്ച നടത്തികൊണ്ടിരുന്നപ്പോൾ ഉച്ചതിരിഞ്ഞും രാത്രിയുംകൂടിയിരുന്നു ചർച്ചചെയ്തു പൂർത്തിയാക്കിയെന്നാണു് എന്റെ ഓർമ്മ.

ശ്രീ. ഈ. പി. ഗോപാലൻ : പകൽനേരം നാൽപ്പതോ നാൽപ്പത്തിയഞ്ചോ ദിവസംവരെ ചർച്ച ചെയ്തുകഴിഞ്ഞതിനുശേഷം തീരാഞ്ഞിട്ടു് യാതൊരു തരത്തിലും നിവൃത്തിയില്ലാത്തതുകൊണ്ടാണു് ഉച്ചതിരിഞ്ഞു് സെഷൻ വച്ചതു്.

ശ്രീ. പി. ടി. ചാക്കോ : എന്റെ ഓർമ്മ ശരിയാണെങ്കിൽ രാത്രിയിലും ഇരുന്നിട്ടുണ്ടു്.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963

Clause 2 (25)

Mr. Speaker : Order, Order. We need not go into a discussion about it. We pass on to Legislative Business. Now Smt. Gouri can continue her speech.

LIBRARY ARCHIVES Kerala Legislative Assembly